(സി) എം.എൽ.എ. എ.ഡി.എഫ്. വഴി നൽകിയ തുക വിനിയോഗിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി എത്രയും വേഗം പൂർണ്ണതോതിൽ യാഥാർത്ഥ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ബ്ലോക്കുകൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

മങ്കട മണ്ഡലത്തിലെ പ്രവൃത്തികൾ

152 (901) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി, ബജറ്റ്, എം.എൽ.എ. ഫണ്ട് എന്നിവ വഴി നടന്നുവരുന്ന പ്രവൃത്തികൾ ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജക മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

5 കോടി രൂപ കിഫ്ബി ഫണ്ട്-മക്കാരപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി ഫണ്ട് - ജി.എച്ച്.എസ്.എസ്.പാങ്ങ് ജി.എച്ച്.എസ്.എസ്. മങ്കട, പള്ളിപ്പുറം, ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. കടുങ്ങാപുരം. 1 കോടി രൂപ കിഫ്ബി ഫണ്ട് - ജി.എച്ച്.എസ്. ചെറിയം മങ്കട, ജി.യു.പി.എസ്. കൂട്ടിലങ്ങാടി – ഡി.പി.ആർ. അംഗീകരിച്ച് നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു. ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം, ജി.യുപിഎസ് പാങ്ങ് - ഡി.പി.ആർ. അംഗീകരിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1. എം.എൽ.എ. ഫണ്ട് മുഖേന ജി.എൽ.പി.എസ്. ചൊവ്വണയിലേയ്ക്ക് സ്കൂൾ ബസ് വാങ്ങുന്നതിനായി നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. തുക ലഭിച്ചാലുടൻ വിതരണം പൂർത്തിയാക്കുന്നതാണ്.

2. ജി.യു.പി.എസ്. പാങ്ങിൽ പ്ലാൻ ഫണ്ട് ഒരു കോടി രൂപയുടെ കെട്ടിടം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. ജി.യു.പി.എസ്. കൂട്ടിലങ്ങാടി (എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്) മൾട്ടി പർപ്പസ് മിനി ടർഫ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

4. ജി.എൽ.പി.എസ്. മങ്കട (എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്). 3 ക്ലാസ് റൂം ഉള്ള ബിൽഡിംഗ് (എം.എൽ.എ.-യുടെ 2018-19-ലെ ആസ്തി വികസന ഫണ്ട് - 35 ലക്ഷം) പണി നടന്നു വരുന്നു. ലിന്റൽ ലെവൽ വരെ പണി തീർന്നിട്ടുണ്ട്.

5. ജി.എൽ.പി.എസ്. പലകപ്പറമ്പ കെട്ടിടം (എം.എൽ.എ ഫണ്ട് - 45 ലക്ഷം രൂപ).

(ബി) ഓരോ പ്രവൃത്തിയും ഏറ്റെടുത്തിരിക്കുന്ന ഏജൻസി ഏതാണെന്നും ഓരോന്നും എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) നിലവിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) 3 കോടി രൂപയുടെ പദ്ധതികൾ INKEL എന്ന ഏജൻസിയേയും 1 കോടി രൂപയുടെ പദ്ധതികൾ KILA-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ഡി.പി.ആർ. അംഗീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ജി.യു.പി.എസ്. കൂട്ടിലങ്ങാടി മൾട്ടി പർപ്പസ് മിനി ടർഫ് നിർമ്മാണം- എസ്.എൽ.കെ. ഏജൻസി. ജി.എൽ.പി.എസ്. പലകപ്പറമ്പ കെട്ടിടം ആദ്യത്തെ നില മാത്രം വാർത്തു, 3 ക്ലാസ്സ് മുറികളുടെ പണി പകുതി ആയിട്ടുണ്ട്. മുകളിലത്തെ നിലയിൽ 3 ക്ലാസ് മുറികളുടെ പണി കൂടിയുണ്ട്. ജി.എൽ.പി.എസ്. മങ്കട (എം.എൽ.എ.- യുടെ ആസ്തി വികസന ഫണ്ട്) 3 ക്ലാസ്സ് റൂം ഉള്ള ബിൽഡിംഗ് പണി നടന്നു വരുന്നു. ലിന്റൽ ലെവൽ വരെ പണി തീർന്നിട്ടുണ്ട്. ജി.യു.പി.എസ്. പാങ്ങിൽ (പ്ലാൻ ഫണ്ട്) 90% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 3 കോടി, 1 കോടി പദ്ധതികളുടെ കെട്ടിടം പണികൾ പ്രവൃത്തി ആരംഭിക്കാനുണ്ട്. ജി.യു.പി.എസ്. കൂട്ടിലങ്ങാടി (എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്) - മൾട്ടി പർപ്പസ് മിനി ടർഫ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ ആരംഭിച്ചതും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

5 കോടി രൂപയുടെ പദ്ധതി - ജി.വി.എച്ച്.എസ്.എസ്. മക്കരപ്പറമ്പ് പൂർത്തിയായി. മറ്റ് സ്കൂളുകളിലെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.